(1)	(2)	(3)	(4)	(5)
7.	എടക്കഴിയൂർ	തൃശ്ശൂർ	15.50	15.59
8.	പറവണ്ണ	മലപ്പുറം	60.00	–
9.	അഴിയൂർ(വടകര)	കോഴിക്കോട്	15.00	–
10.	കിഴുന്നപ്പാറ	കണ്ണൂർ	56.00	–
11.	ഏഴോംകോട്ടിക്കിൽ	കണ്ണൂർ	60.00	–
12.	മുഴപ്പിലങ്ങാട്	കണ്ണൂർ	36.00	–
13.	ബേക്കൽ	കാസർഗോഡ്	36.00	24.95
14.	മുസോഡി	കാസർഗോഡ്	20.00	16.69
15.	പുഞ്ചാവി	കാസർഗോഡ്	36.00	17.62
16.	കൊയിപ്പാടി	കാസർഗോഡ്	36.00	13.74
17.	അഞ്ചാനൂർ	കാസർഗോഡ്	36.00	–

(സി) പുതുതായി പണികഴിപ്പിച്ചവയിൽ 7 എണ്ണം പ്രവർത്തനക്ഷമമാണ്.

ഫിഷറീസ് സർവ്വകലാശാലയുടെ കീഴിൽ സാറ്റലൈറ്റ് ക്യാമ്പസുകൾ

242(534) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷറീസ് സർവ്വകലാശാലയുടെ കീഴിൽ സാറ്റലൈറ്റ് ക്യാമ്പസുകൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത്തരം സാറ്റലൈറ്റ് ക്യാമ്പസുകൾ എവിടെയൊക്കെ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം ആരംഭിക്കുന്ന സാറ്റലൈറ്റ് ക്യാമ്പസുകളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഫിഷറീസ് സർവ്വകലാശാലയുടേയും വിവിധ ക്യാമ്പസുകളുടേയും സുഗമമായ പ്രവർത്തനത്തിനായി എന്തു സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്;

(ഇ) ഇതിനായി സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാറിലും തെക്കൻ കേരളത്തിലും ഓരോ സാറ്റലൈറ്റ് ക്യാമ്പസുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. തെക്കൻ കേരളത്തിൽ സാറ്റലൈറ്റ് ക്യാമ്പസ് ആരംഭിക്കുന്നതിന് തിരുവല്ലത്ത് 10 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) സാറ്റലൈറ്റ് ക്യാമ്പസുകളിൽ റിസർച്ച് സെന്ററുകൾ, വിവിധ കോഴ്സുകൾ, ട്രെയിനിംഗ് സെന്ററുകൾ, ഡെമോൺസ്ട്രേഷൻ സെന്ററുകൾ, ഹോസ്റ്റൽ, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി&ഇ) ഫിഷറീസ് സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് 200 ഏക്കർ സ്ഥലം വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 135 ഏക്കർ സ്ഥലം ഈ ആവശ്യത്തിനായി ലഭ്യമായിട്ടുണ്ട്.

സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾ

243(535) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തിച്ചുവരുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ പണിയാണ് ആരംഭിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ പണി പൂർത്തിയാക്കി;

(സി) പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തിച്ചു വരുന്ന മത്സ്യബന്ധന തുറമുഖങ്ങൾ താഴെപ്പറയുന്നവയാണ്.

(1) അഴീക്കൽ
(2) ദമാപ്പിമുബേ
(3) ചോമ്പാൽ
(4) പുതിയാപ്പ
(5) ബേപ്പൂർ
(6) മുനമ്പം
(7) കായംകുളം
(8) നീണ്ടകര
(9) തങ്കശ്ശേരി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ആലപ്പുഴ ജില്ലയിലെ ചെത്തി ഒന്ന്-രണ്ട് ഘട്ടങ്ങൾ, അർത്തുങ്കൽ ഒന്നാംഘട്ടം, എറണാകുളം ജില്ലയിലെ ചെല്ലാനം ഒന്ന്, രണ്ട് ഘട്ടങ്ങൾ എന്നിവ ആരംഭിച്ചു. ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാംഘട്ടം പൂർത്തിയായി. മറ്റു മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഭരണാനുവാദം നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly